അർഹതപ്പെട്ടത് കിട്ടാത്ത ഒരു വിഭാഗമെന്നുള്ള നിലയിൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള തയ്യാറെടുപ്പ് നമ്മൾ നടത്തേണ്ടതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പോലുള്ള ആളുകൾ മുൻകൈ എടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. സ്ത്രീപീഡനങ്ങളെ സംബന്ധിച്ചും ബലാൽസംഗങ്ങളെ സംബന്ധിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയ്ക്ക് നൽകിയിരിക്കുന്ന കണക്കനുസരിച്ച് മൂന്നുവർഷംകൊണ്ട് 4415 സ്ത്രീപീഡനങ്ങളും 1530 ബലാൽസംഗങ്ങളുമുണ്ടായിട്ടുണ്ടെന്നാണ്. അദ്ദേഹം തന്നിരിക്കുന്ന മറുപടിയാണ്. ഇത് വർദ്ധിച്ചുവരുകയാണ്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം വളരെയേറെ ഉത്കണ്ഠയോടുകൂടി മാത്രമേ ഇതിനെ വീക്ഷിക്കാൻ കഴിയൂ. ഈ കാര്യത്തിലും ഫലപ്രദമായ നടപടി സ്വീകരിക്കണമെന്ന് ഞാനാവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ നായനാർ) : നിയമസഭകളിലും പാർലമെന്റിലും മൂന്നിലൊന്ന് സീറ്റ് വനിതകൾക്ക് സംവരണം ചെയ്യണമെന്നത് കേന്ദ്രസർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന വിഷയമാണ്. അത്തരത്തിൽ സംവരണമേർപ്പെടുത്തുന്നതിനോട് യാതൊരു വിയോജിപ്പുമില്ല. രണ്ടാമതും പറഞ്ഞ കാര്യത്തെക്കുറിച്ച് അന്വേഷിക്കാം.

(5) നിയമനനിരോധന ഉത്തരവ് പിൻവലിക്കണമെന്ന ആവശ്യം

ശ്രീ. ജോസ് ബേബി : സർ, ഇൻഡ്യയിൽ ഏറ്റവും കൂടുതൽ തൊഴിൽരഹിതരുള്ള ഒരു സംസ്ഥാനമാണ് കേരളം. ഏകദേശം 38 ലക്ഷത്തോളം ആളുകൾ. ഇന്ന് കേരളത്തിൽ തൊഴിൽരഹിതരായിട്ടുണ്ടെന്നാണ് കണക്ക്. ഈ 38 ലക്ഷം ആളുകൾക്ക് ഒന്നിച്ച് തൊഴിൽ കൊടുക്കാൻ നമ്മുടെ സംസ്ഥാനത്താർക്കും നിർവ്വാഹമില്ല. എന്നാൽ ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ഒരു പുതിയ നിയമന നിരോധന ഉത്തരവ് നിലനിൽക്കുകയാണ്. ആ നിയമന നിരോധന ഉത്തരവ് പിൻവലിക്കണമെന്നാണ് കേരളത്തിലെ യുവജനങ്ങളുടേയും കേരളത്തിലെ മുഴുവൻ ആളുകളുടേയും ആവശ്യം. ഈ നിയമന നിരോധന ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എ.ഐ.വൈ.എഫ്.ന്റെ നേതൃത്വത്തിൽ ഇന്ന് സെക്രട്ടേറിയറ്റിലും കേരളത്തിലെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സമരം നടത്തുകയാണ്. ആ സമരത്തിന് ആധാരമായ കാര്യം സംസ്ഥാനത്ത് നിലനിൽക്കുന്ന നിയമന നിരോധന ഉത്തരവ് പിൻവലിക്കണമെന്നാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ആത്മാർത്ഥമായ സമീപനം കൈക്കൊള്ളണം. നേരത്തെ മുഖ്യമന്ത്രി ഒരു ചോദ്യത്തിന് മറുപടി പറഞ്ഞതുപോലെ പുതിയ സാഹചര്യത്തിൽ കോടതിവിധിയും മറ്റു കാര്യങ്ങളും പരിശോധിച്ചുകൊണ്ട് കേരളത്തിലെ അഭ്യസ്തവിദ്യരായ യുവാക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ നിയമനനിരോധന ഉത്തരവ് പിൻവലിക്കുവാൻ അടിയന്തിരമായി സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ): സ്പീക്കർ സർ, 13-12-99-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ക്രീമിലെയർ സംബന്ധിച്ച് പുറപ്പെടുവിച്ച വിധിന്യായത്തിൽ നിയമന ഉത്തരവ് നൽകാത്ത കേസ്സുകളിലും സർക്കാർ സർവ്വീസിലെ ഭാവിയിലെ തെരഞ്ഞെടുപ്പുകളിലും ജസ്റ്റീസ് കെ.ജെ. ജോസഫ് കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞ പ്രകാരം ക്രീമിലെയർ വിഭാഗക്കാരെ ഒഴിവാക്കിക്കൊണ്ടായിരിക്കണം നിയമനങ്ങൾ നൽകേണ്ടതെന്ന് നിർദ്ദേശിച്ചു. ഈ സാഹചര്യത്തിൽ ക്രീമിലെയർ ഒഴിവാക്കിക്കൊണ്ടുള്ള നിയമനം മാത്രമേ നട

LIBRARY ARCHIVES Kerala Legislative Assembly

ത്താൻ സംസ്ഥാന സർക്കാരിന് നിർവ്വാഹമുള്ളൂ. അതിലേക്ക് വിശദമായ നടപടിക്രമങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്. കാലവിളംബം കൂടാതെ ഈ നടപടിക്രമങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. കോടതിയ ലക്ഷ്യം സംജാതമാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഒരു താൽക്കാലിക നടപടിയെന്ന നിലയ്ക്ക് സർക്കാർ സർവ്വീസിലെ നിയമനങ്ങൾ മരവിപ്പിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. ഈ നിർദ്ദേശംമൂലം പി.എസ്.സി. അഡ്വൈസ് ലഭിച്ചവരും നിലവിൽ റാങ്ക് ലിസ്റ്റിൽ ഉള്ളവരുമായ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിന് നേരിടുന്ന തടസ്സം ഒഴിവാക്കുവാൻ അടിയന്തിര നടപടി സ്വീകരിച്ചുവരികയാണ്.

(6) മലപ്പുറം മുനിസിപ്പൽ സെക്രട്ടറിയെ സ്ഥലം മാറ്റുന്നത് സംബന്ധിച്ച്മുനിസിപ്പൽ കൗൺസിൽ പാസ്സാക്കിയ പ്രമേയം

<u>ശ്രീ. എം.കെ. മുനീർ</u> : സർ, സർക്കാരിന്റെ നിലപാട് കാരണം എന്റെ മണ്ഡലത്തിലെ മലപ്പുറം മുനിസിപ്പാലിറ്റിയുടെ ഭരണം കഴിഞ്ഞ രണ്ടു വർഷത്തോളമായി സ്തംഭിച്ചിരിക്കുകയാണ്. വികസനപ്രവർത്തനങ്ങൾക്കുവേണ്ടി മുനിസിപ്പൽ കൗൺസിൽ എടുക്കുന്ന തീരുമാനങ്ങൾ നിരന്തരമായി സർക്കാർ സ്റ്റേ ചെയ്യുന്നതിനാൽ വികസനം പോലും മുരടിച്ചിരിക്കുകയാണ്. വ്യവസ്ഥാപിതമായി കൗൺസിൽ എടുക്കുന്ന തീരുമാനങ്ങൾ റദ്ദാക്കുകവഴി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനത്തിൽ സർക്കാർ നിരന്തരമായി ഇടപെടുകയാണ്. ഏറ്റവും ഒടുവിൽ മുനിസിപ്പൽ ചട്ടമനുസരിച്ച് സെക്രട്ടറിയെ സ്ഥലം മാറ്റുന്നതിന് കൗൺസിൽ പാസ്സാക്കിയ പ്രമേയം നടപ്പിലാക്കുന്നതിന് സർക്കാർ വിഘാതം നിൽക്കുന്നു. കേരള മുനിസിപ്പൽ നിയമത്തിൽ ചട്ടം 48(6) പ്രകാരം ഇങ്ങനെ പറയുന്നു. 'സർക്കാരിന് ഒരു സെക്രട്ടറിയെ ഒരു മുനിസിപ്പാലിറ്റിയിൽ നിന്നും ഏത് സമയത്തും സ്ഥലം മാറ്റാവുന്നതും ഈ ആവശ്യത്തിലേക്ക് വേണ്ടി വിളിച്ചു കൂട്ടിയ കൗൺസിലിന്റെ ഒരു പ്രത്യേക യോഗത്തിൽ അനുവദിക്കപ്പെട്ട അംഗസംഖ്യയിൽ കേവല ഭൂരിപക്ഷ വോട്ടിന്റെ പിൻബലത്തോടുകൂടി കൗൺസിൽ പാസ്സാക്കുന്ന പ്രമേയംമൂലം സ്ഥലം മാറ്റുന്നതിന് ശുപാർശ ചെയ്യുകയാണെങ്കിൽ സർക്കാർ അങ്ങനെ ചെയ്യേണ്ടതുമാകുന്നു. മലപ്പുറം മുനിസിപ്പൽ കൗൺസിൽ 29-9-99 ന് സെക്രട്ടറിയെ സ്ഥലംമാറ്റുന്നതിന് ശുപാർശ ചെയ്യുന്ന പ്രമേയം അംഗീകരിച്ചു. 1-10-99-ന് ചെയർമാൻ തിരുവനന്തപുരത്ത് നേരിട്ട് വന്ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, മുനിസിപ്പൽ ഡയറക്ടർ വകുപ്പുസെക്രട്ടറി, എന്നിവരെ കണ്ട് പ്രമേയം പാസ്സാക്കിയ കാര്യം സൂചിപ്പിക്കുകയും കോപ്പി കൊടുക്കുകയും ചെയ്തിരുന്നു. എന്നാൽ മുനിസിപ്പൽ നിയമപ്രകാരം കൗൺസിൽ പ്രമേയം പാസ്സാക്കിയാൽ സെക്രട്ടറിയെ സ്ഥലം മാറ്റുന്നതിന് സർക്കാർ നടപടി സ്വീകരിക്കേണ്ടതിനു പകരം അത് തടഞ്ഞുവച്ചിരിക്കുകയാണ്. കൗൺസിൽ എടുക്കുന്ന ഇതുപോലുള്ള തീരുമാനങ്ങൾ സർക്കാർ എന്തോ കാരണത്താൽ സ്റ്റേ ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നു. ഏകദേശം എട്ടോ, പത്തോ പദ്ധതികൾ ഇതുമൂലം സ്റ്റേ ചെയ്തിട്ടുണ്ട്. ഓലമാറ്റി ഓടാക്കുന്ന പദ്ധതി, വീട് വൈദ്യുതീകരിക്കുന്ന ഒരു പദ്ധതി, വീട് റിപ്പെയർ ചെയ്യുവാനുള്ള അനുവാദം സ്റ്റേ ചെയ്തിരിക്കുന്നു. കുന്നിനുമുകളിൽ പേജർ ടവർ സ്ഥാപിച്ചതിന് ടാക്സ് അടപ്പിക്കുന്നതിന് തുടങ്ങിയ നഗരസഭ നടപടികൾ സ്റ്റേ ചെയ്തിരിക്കുന്നു. വികലാംഗർക്ക് ബങ്ക് അനുവദിക്കുന്നത് സ്റ്റേ ചെയ്തിരിക്കുന്നു. ആശുപത്രി വളപ്പിൽ കക്കൂസ് നിർമ്മിക്കാൻ മുൻ ചെയർപേഴ്സന്റെ കാലത്ത് എടുത്ത

LIBRARY ARCHIVES Kerala Legislative Assembly